പമ്പാ മണൽപ്പുറത്ത് ലഹരി പദാർത്ഥങ്ങൾക്ക് വിലക്ക് ഏർപ്പെടുത്താൻ നടപടി

93 [1990] ശ്രീ. എം. എ. ചന്ദ്രശേഖരൻ :

„ വർക്കല കഹാർ:

„ ലൂഡി ലൂയിസ് :

„ സി. പി. മുഹമ്മദ് :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ മണൽപ്പുറം, അയ്യപ്പൻമാർ തങ്ങുന്ന കാനനപാത കടന്നുപോകുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ലഹരിപദാർത്ഥങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങളിലും ലഹരിപദാർത്ഥങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തുമോ;

(ഡി) അടുത്ത സീസൺ മുതൽ പ്രസ്തുത സ്ഥലങ്ങളിൽ ദിവസേന റെയിഡ് നടത്തി അനധികൃത മദ്യവിൽപ്പനയും ശേഖരണവും തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഹരിപദാർത്ഥങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) നിലവിൽ എക്സൈസ് വകുപ്പ് അനധികൃത മദ്യവില്പന തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

ശബരിമലയിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി

94 [1991] ശ്രീ. ടി. വി. ചന്ദ്രമോഹൻ :

„ എം. കെ. പോൾസൺ മാസ്റ്റർ:

„ എ. സുജനപാൽ:

„ ഇ. എം. അഗസ്തി :

„ ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജനുവരി 14, 15 തീയതികളിൽ സന്നിധാനം, മാളികപ്പുറം, പാണ്ടിത്താവളം, ഹിൽടോപ്പ്, ഉപ്പുപാറ, പുൽമേട് എന്നിവിടങ്ങളിൽ എത്ര തീർത്ഥാടകർ എത്തിയിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് കുടിവെള്ളത്തിന് എത്ര ടാപ്പിട്ടിരുന്നു; ഒരു ടാപ്പ് ശരാശരി എത്ര പേരാണ് ഉപയോഗിച്ചിരുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥലങ്ങളിൽ അയ്യപ്പൻമാർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്;

(ഡി) സീസൺ കാലത്തേക്കുമാത്രം അടിക്കാടു വൃത്തിയാക്കി അയ്യപ്പൻമാർക്കു തങ്ങാനും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമൊരുക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) അയ്യപ്പൻമാർ തങ്ങുന്നയിടങ്ങളിൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) കുടിവെള്ള വിതരണത്തിനായി 300-ൽപരം ടാപ്പുകൾ സ്ഥാപിച്ചിരുന്നു. ഒരേ സമയം 48 ലക്ഷം ലിറ്റർ ജലം സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ലഭ്യമാക്കിയിരുന്നു.

(സി, ഡി) 750 സ്ഥിരം കക്കൂസുകളും ശബരിമലയിൽ 770 പൊതു കക്കൂസുകളും വിവിധ കെട്ടിടങ്ങളോടനുബന്ധിച്ച് 1250 കക്കൂസുകളും കൂടാതെ കാനനപാത, ശരംകുത്തി, മരക്കൂട്ടം എന്നിവിടങ്ങളിൽ സാനിട്ടേഷൻ സൊസൈറ്റി മുഖേനയുള്ള താൽകാലിക കക്കൂസുകളും നിർമ്മിച്ചിരുന്നു. ഉത്സവകാലത്ത് വനംവകുപ്പിന്റെ അനുമതിയോടെ അടിക്കാടുകൾ വെട്ടിത്തെളിച്ച് അയ്യപ്പൻമാർക്ക് സൗകര്യമൊരുക്കാറുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റിയും, ദേവസ്വം ബോർഡും സന്നദ്ധ സംഘടനകളും സംയുക്തമായി അയ്യപ്പൻമാർക്ക് കുടിവെള്ള വിതരണം നടത്തി വരുന്നുണ്ട്. വരുംവർഷങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ കുടിവെള്ള വിതരണം ഏർപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതുമാണ്.

പടനിലം പരബ്രഹ്മ ക്ഷേത്രത്തെ ഇടത്താവളമായി

പ്രഖ്യാപിക്കുന്നതിന് നടപടി

95 [1992] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടന കാലത്ത് പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ദർശനം നടത്തുന്ന നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) പടനിലം ക്ഷേത്രത്തിലെ മണ്ഡല മകരവിളക്ക് മഹോത്സവത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടുത്ത സീസണുമുന്പ് ഈവിടം ഇടത്താവളമായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly